# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കോട്ടയം ജില്ലയിലെ അതിരമ്പുഴ ഗ്രാമ പഞ്ചായത്തിന്റെ 2012-13 വർഷത്തെ സംസ്ഥാന ഓഡിറ്റ് വകുപ്പ് റിപ്പോർട്ടിലെ ഖണ്ഡിക 3.1 - തടസ്സപ്പെടുത്തിയ രൂപയുടെ ചെലവിന് സാധൂകരണം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

## തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്

**സ.ഉ (സാധാ)നം. 2330/19/തസ്വഭവ.** **തിരുവനന്തപുരം, തീയതി: 22/10/2019**

**പരാമർശം:-** 1) പഞ്ചായത്ത് ഡയറക്ടറുടെ 09/01/2017-ലെ എം3- 36306/17 നമ്പർ കത്ത്.

2) കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടറുടെ 03/05/2018 ലെ കെ എസ് എ/3746/പി റ്റി 1/2018 നമ്പർ കത്ത്.

## ഉത്തരവ്

കോട്ടയം ജില്ലയിലെ അതിരമ്പുഴ ഗ്രാമ പഞ്ചായത്തിന്റെ 2012-13 വർഷത്തെ സംസ്ഥാന ഓഡിറ്റ് വകുപ്പ് റിപ്പോർട്ടിലെ ഖണ്ഡിക 3.1 പ്രകാരം അനുഗ്രഹ സ്പെഷ്യൽ സ്കൂളിൽ പഠിക്കുന്ന ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് പോഷകാഹാരം നൽകുന്നതിനു വേണ്ടി ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതിക്ക് വേണ്ടി ചെലവഴിച്ച 61,947/- (അറുപത്തൊന്നായിരത്തി തൊള്ളായിരത്തി നാല്പത്തിയേഴ് രൂപ മാത്രം) രൂപ ഓഡിറ്റ് തടസ്സപ്പെടുത്തിയിരുന്നു.

2) ഒരു സ്വകാര്യ സ്ഥാപനമായ അനുഗ്രഹ സ്പെഷ്യൽ സ്കൂളിന് ധനസഹായം അനുവദിക്കുന്നത് 12-ാം പഞ്ചവത്സരപദ്ധതി മാർഗ്ഗരേഖയുടെ ഖണ്ഡിക 10 ൽ പരാമർശിക്കുന്ന വ്യവസ്ഥകൾക്ക് വിരുദ്ധമായതിനാലാണ് ചെലവ് തടസ്സപ്പെടുത്തിയിരിക്കുന്നത്. അനുഗ്രഹ സ്പെഷ്യൽ സ്കൂൾ ഒരു സ്വകാര്യ സ്ഥാപനമാണെങ്കിലും ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുവേണ്ടി ലാഭേച്ഛയില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനമായതിനാലാണ് പഞ്ചായത്ത് അനുകമ്പാപൂർവ്വം പ്രസ്തുത സഹായം നൽകിയതെന്നും അതിരമ്പുഴ ഗ്രാമപഞ്ചായത്തിൽ സർക്കാർ സംവിധാനത്തിൽ പ്രവർത്തിക്കുന്ന ഇത്തരം സ്ഥാപനങ്ങൾ ഇല്ലെന്നുള്ളതും പരിഗണിച്ച് ഈ ചെലവിന് സാധൂകരണം നൽകണമെന്നും പഞ്ചായത്ത് ഡയറക്ടർ പരാമർശം (1) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

3) അനുഗ്രഹ സ്പെഷ്യൽ സ്കൂൾ ഒരു സ്വകാര്യ സ്ഥാപനമാണെങ്കിലും ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുവേണ്ടി ലാഭേച്ഛയില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനമായതിനാലാണ് പഞ്ചായത്ത് അനുകമ്പാപൂർവ്വം പ്രസ്തുത സഹായം നൽകിയതെന്നും അതിരമ്പുഴ ഗ്രാമപഞ്ചായത്തിൽ സർക്കാർ സംവിധാനത്തിൽ

പ്രവർത്തിക്കുന്ന ഇത്തരം സ്ഥാപനങ്ങൾ ഇല്ലെന്നുള്ളത് പരിഗണിച്ചും അതിരമ്പുഴ ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 23/12/2015 ലെ 12-ാം നമ്പർ തീരുമാനം, ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ 08/05/2017 ലെ 1(2)-ാം നമ്പർ അനുകൂല ശുപാർശ എന്നിവ കണക്കിലെടുത്തും മേൽ ഖണ്ഡികയ്ക്ക് സാധൂകരണം നൽകുന്നതിൽ ഓഡിറ്റ് വകുപ്പിന് എതിരഭിപ്രായം ഇല്ലെന്നും സർക്കാരിന് ഉചിതമായ തീരുമാനം എടുക്കാവുന്നതാണെന്നും പരാമർശം (2) പ്രകാരം ഓഡിറ്റ് വകുപ്പ് ഡയറക്ടറും അറിയിച്ചിട്ടുണ്ട്.

4) സർക്കാർ ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ചു. അനുഗ്രഹ സ്പെഷ്യൽ സ്കൂൾ ഒരു സ്വകാര്യ സ്ഥാപനമാണെങ്കിലും വസ്തുതകൾ പരിശോധിച്ചതിൽ പ്രത്യേക പരിഗണനയർഹിക്കുന്ന വിദ്യാർത്ഥികൾക്ക് വേണ്ടി നടപ്പാക്കിയ ഒരു പദ്ധതിയെന്ന നിലയ്ക്ക് സാധൂകരണ ആവശ്യം അനുഭാവപൂർവ്വം പരിഗണിക്കാമെന്ന് കാണുന്നു. പഞ്ചായത്ത് ഡയറക്ടറുടെ ശുപാർശ, ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ അനുകൂല ശുപാർശ, അതിരമ്പുഴ ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ തീരുമാനം, ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ അനുകൂല ശുപാർശ എന്നിവ പരിഗണിച്ച് കോട്ടയം ജില്ലയിലെ അതിരമ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2012-13 വർഷത്തെ സംസ്ഥാന ഓഡിറ്റ് വകുപ്പ് റിപ്പോർട്ടിലെ ഖണ്ഡിക 3.1 പ്രകാരം തടസ്സപ്പെടുത്തിയ 61,947/- (അറുപത്തൊന്നായിരത്തി തൊള്ളായിരത്തി നാല്പത്തിയേഴ് രൂപ മാത്രം) രൂപയ്ക്ക് സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

**ജെയ്സി പോൾ**

**അണ്ടർ സെക്രട്ടറി**

സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം
സെക്രട്ടറി, അതിരമ്പുഴ ഗ്രാമപഞ്ചായത്ത്, കോട്ടയം
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്കവകുപ്പ്
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം,**

**സെക്ഷൻ ഓഫീസർ**